No.CEE/2142/2010/TA4/PGM-2011

# കേരളസർക്കാർ

## പ്രവേശനപരീക്ഷാ കമ്മീഷണറുടെ കാര്യാലയം

## വിജ്ഞാപനം

### സർവ്വീസ് അപേക്ഷകർക്കുള്ള പി.ജി. മെഡിക്കൽകോഴ്സ് പ്രവേശനപരീക്ഷ -2011

GO(Rt) No.1740/2011/H&FWD Dated: 03.05.2011 എന്ന സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസ് അപേക്ഷകർക്കുള്ള പി.ജി. മെഡിക്കൽകോഴ്സ് പ്രവേശനപരീക്ഷ 29.05.2011-ന് തിരുവനന്തപുരത്ത് വച്ച് പ്രവേശന പരീക്ഷാകമ്മീഷണർ നടത്തുന്നതാണ്. പ്രോസ്പക്റ്റസ് വ്യവസ്ഥകൾ അനുസരിച്ചുള്ള മിനിമം യോഗ്യതാ സർവ്വീസ് നേടിയവരുടെയും 2011 പി.ജി.മെഡിക്കൽ കോഴ്സിലേക്ക് സർവ്വീസ് ക്വാട്ടയിൽ മേലധികാരികൾ മുഖേന അപേക്ഷിച്ചിട്ടുള്ളവരുടെയും അപേക്ഷകൾ മെഡിൽ വിദ്യാഭ്യാസ ഡയറക്ടർ പ്രവേശന പരീക്ഷാകമ്മീഷണറുടെ കാര്യാലയത്തിൽ എത്തിക്കുന്നതാണ്.

ഗവൺമെന്റ് ഉത്തരവ് GO(Rt) No.41/2011/H&FWD Dated: 04.01.2011 പ്രകാരമുള്ള പ്രോസ്പക്റ്റസിൽ നിഷ്കർഷിച്ചിട്ടുള്ള പരീക്ഷാ സ്കീം ആയിരിക്കും അവലംബിക്കുക. മെഡിക്കൽ കൗൺസിൽ റെഗുലേഷൻസ് പ്രകാരം പ്രവേശന പരീക്ഷയിൽ യോഗ്യത നേടുവാൻ മിനിമം 50% മാർക്ക് ലഭിക്കേണ്ടതാണ്. എസ്.സി./എസ് റ്റി, എസ്.ഇ.ബി.സി. എന്നീ വിഭാഗങ്ങൾ 40% മാർക്കും 40 മുതൽ 70% വരെ കാലുകൾക്ക് ചലനവൈകല്യമുള്ളവർ 45% മാർക്കും നേടേണ്ടതാണ്.

പ്രവേശനപരീക്ഷാ കമ്മീഷണർ, പ്രവേശനപരീക്ഷ നടത്തി പരീക്ഷയിൽ യോഗ്യതനേടുന്നവരുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതാണ്. പ്രസ്തു റാങ്ക് ലിസ്റ്റ് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കു അയച്ചുകൊടുക്കുന്നതുമാണ്. റാങ്ക് ലിസ്റ്റ് പ്രവേശനപരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് 'cee-kerala.org'-ൽ ലഭ്യമാക്കുന്നതാണ്.

ഗവൺമെന്റ് അംഗീകൃത പ്രോസ്പക്റ്റസ് വ്യവസ്ഥകൾക്കും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശങ്ങൾക്കും അനുസൃതമായി പ്രവേശനവും സീറ്റുകളിലേക്കുള്ള അലോട്ടുമെന്റും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ കേന്ദ്രീകൃത അലോട്ടുമെന്റ് മുഖേന നടത്തുന്നതാണ്.

**പ്രവേശനപരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം,
05/05/2011